LIBRARY ARCHIVES Kerala Legislative Assembly

സൂപ്പർ ന്യൂമററി തസ്തികയിലെ എൽ.ഡി. ക്ലാർക്കുമാരുടെ ആനുകൂല്യങ്ങൾ സംബന്ധിച്ച്

52 (6199) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൂപ്പർന്യൂമററി തസ്തികയിൽ ജോലി ചെയ്തുവരുന്ന എൽ.ഡി. ക്ലാർക്കുമാർക്ക് ഇപ്പോൾ നൽകിവരുന്ന ആനുകൂല്യങ്ങളിൽ അടിസ്ഥാനവേതനം ഒഴികെയുള്ളവ നിർത്തലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത ജീവനക്കാർ ഇത്രനാൾ കൈപ്പറ്റിയിരുന്ന ആനുകൂല്യങ്ങളിൽ ഏതെങ്കിലും തിരികെ പിടിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

ടൈപ്പിസ്റ്റ് ഗ്രേഡ് - I, ടൈപ്പിസ്റ്റ് ഗ്രേഡ് - II തസ്തികകളിലെ കേഡർ സ്ട്രെങ്ത് പുനർ നിർണ്ണയം

53 (6200) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 7-6-2013-ലെ 4698/2013/പൊ.ഭ.വ. ഉത്തരവു പ്രകാരം ടൈപ്പിസ്റ്റ് ഗ്രേഡ് I, ടൈപ്പിസ്റ്റ് ഗ്രേഡ് II തസ്തികകളിലെ കേഡർ സ്ട്രെങ്ത് താൽക്കാലികമായി പുനർനിർണ്ണയിച്ചതിന്റെ ഉദ്ദേശ്യമെന്തായിരുന്നു എന്ന് വ്യക്തമാക്കുമോ ;

(ബി) ഗ്രേഡ് I, ഗ്രേഡ് II തസ്തികകളിൽ ഓരോന്നിലും ഇപ്പോൾ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) നിലവിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് തടസ്സങ്ങളെന്തെങ്കിലുമുണ്ടോ ; ടൈപ്പിസ്റ്റുമാരുടെ മൊത്തം കേഡർ സ്ട്രെങ്ത് എത്രയാണ് ;

(ഡി) തടസ്സങ്ങളുണ്ടെങ്കിൽ കേഡർസ്ട്രെങ്ത് പുനർനിർണ്ണയിച്ചതിനു ശേഷം എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ടു ചെയ്യാൻ അടിയന്തരമായി നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ടൈപ്പിസ്റ്റ് ഗ്രേഡ്-I തസ്തികയിലെ കേഡർ എണ്ണം 109 ഉം യഥാർത്ഥ എണ്ണം 44 ഉം ആയിരുന്ന സാഹചര്യത്തിലാണ് ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുവേണ്ടി ടൈപ്പിസ്റ്റ് ഗ്രേഡ് I, ഗ്രേഡ് II തസ്തികകളിലെ കേഡർ സ്ട്രെങ്ത് താൽക്കാലികമായി പുനർ നിർണ്ണയിച്ചത്.